"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- 37-മത് കവണാറ്റിൻകര ടൂറിസം ജലോത്സവം- ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.200/2026/TSM തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. ശ്രീനാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി സമർപ്പിച്ച **04.10.2025** തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **12.01.2026** തീയതിയിലെ **DOT/3313/2025-M1** നമ്പർ കത്ത്.

**ഉത്തരവ്**

**2025** സെപ്റ്റംബർ **6** ന് കുമരകം കവണാറ്റിൽ വച്ച് സംഘടിപ്പിച്ച **37**-മത് കവണാറ്റിൻകര ടൂറിസം ജലോത്സവത്തിന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീനാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ പരാമർശം(2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **2025** സെപ്റ്റംബർ **6** ന് കുമരകം കവണാറ്റിൽ വച്ച് സംഘടിപ്പിച്ച **37**-മത് കവണാറ്റിൻകര ടൂറിസം ജലോത്സവത്തിന് **3452-80-104-98-00-34-03-മാർക്കറ്റിംഗ് (പ്ലാൻ)** എന്ന ശീർഷകത്തിൽ നിന്നും **₹2,00,000/-**(രണ്ട് ലക്ഷം രൂപ മാത്രം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.**ധനസഹായമായി അനുവദിച്ച തകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ശ്രീനാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും അതിന്റെ ആധികാരികത വിനോദസഞ്ചാര

വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

ശ്രീനാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Archana T
Date: 15-03-2026 14:12:15

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്